**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1651** **28-07-2021 - ൽ മറുപടിയ്ക്ക്**

**റേഷൻ വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ഡോ. എം.കെ . മുനീർ ,<br>പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ. കെ. പി. എ. മജീദ് | | Shri G R Anil<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | റേഷൻ കടകൾ വഴി വിതരണം ചെയ്യാനുള്ള ഭക്ഷ്യധാന്യങ്ങൾ ഗോഡൗണുകളിൽ നിന്നും കാണാതാകുന്ന സംഭവങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) | റേഷൻകട വഴി വിതരണം ചെയ്യാനുള്ള ഭക്ഷ്യ സാധനങ്ങൾ കുറവ് വരുന്ന സംഭവം ചില ജില്ലകളിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കോഴിക്കോട് ജില്ലയിലെ താമരശ്ശേരി താലൂക്കിലെ റേഷൻ സാധനങ്ങൾ സംഭരിക്കുന്ന വാവാട് എൻ.എഫ്.എസ്.എ ഗോഡൗണിൽ നിന്ന് റേഷൻ സാധനങ്ങൾ സ്റ്റോക്കിൽ കുറവു കണ്ടതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ വലിയതുറ എൻ.എഫ്.എസ്.എ ഗോഡൗണിൽ ജൂനിയർ മാനേജർ (M&I) പരിശോധന നടത്തിയപ്പോൾ 1987280/- രൂപയുടെ ഭക്ഷ്യധാന്യം കുറവു കണ്ടെത്തിയതായി റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. തുടർന്ന് എൻ.എഫ്.എസ്.എ ഓഫീസർ ഇൻ ചാർജ്ജിനെ സസ്പെൻഡ് ചെയ്തിട്ടുണ്ട്. ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ NFSA ഡിപ്പോയിലും സ്റ്റോക്കിൽ വ്യത്യാസം കണ്ടെത്തിയതിനെ തുടർന്ന് ഓഫീസർ ഇൻ ചാർജ്ജിനെയും, സ്റ്റോക്ക് കസ്റ്റോഡിയനെയും സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തിട്ടുണ്ട്. വയനാട് ജില്ലയിൽ മാനന്തവാടി താലൂക്കിലെ നാലാം മൈൽ കാട്ടിച്ചിറയിൽ ശ്രീ.നസീർ കെ എന്നയാളുടെ ഉടമസ്ഥതയിലുള്ള പണി നടന്നു കൊണ്ടിരിക്കുന്ന വീട്ടിൽ നിന്ന് 29-09-2020-ൽ എഫ്.സി.ഐ മാർക്കോടുകൂടി 64 ചണചാക്ക് അരിയും 20 കി.ഗ്രാം തൂക്കം വരുന്ന റേഷൻ അരിയാണെന്നു സംശയിക്കുന്ന 242 ബാഗ് അരിയും പിടിച്ചെടുത്തിരുന്നു. ഇതുമായി ബന്ധപ്പെട്ട് എ.ആർ.ഡി 35, 40 എന്നീ കടകൾ സസ്പെൻഡ് ചെയ്യുകയും ബന്ധമുണ്ടെന്ന് സംശയിക്കുന്ന ഉദ്യോഗസ്ഥരെ അന്വേഷണ വിധേയമായി സസ്പെൻഡ് ചെയ്യുകയും ചെയ്തിരുന്നു. ഇതു |

| | | | |
|---|---|---|---|
| | | | സംബന്ധിച്ച് പോലീസ് കേസും വകുപ്പുതല നടപടികളും തുടർന്നു വരുന്നുണ്ട്. |
| (ബി) | ഉദ്യോഗസ്ഥരും റേഷൻ കടക്കാരും ചേർന്ന് മേൽപ്പറഞ്ഞ സംഭവങ്ങൾക്ക് ഒത്താശ ചെയ്യുന്നതായി കണ്ടെത്താനായിട്ടുണ്ടോ; | (ബി) | വിശദമായ അന്വേഷണങ്ങൾ നടന്നു വരുന്നു. |
| (സി) | എങ്കിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (സി) | NFSA ഡിപ്പോകളിലേക്ക് FCI ൽ നിന്നും റേഷൻ സാധനങ്ങൾ വിട്ടെടുക്കുമ്പോൾ ഡ്യൂട്ടിയ്ക്ക് നിയോഗിച്ചിട്ടുള്ള റേഷനിംഗ് ഇൻസ്പെക്ടർമാർ വാഹനം FCI യിൽ നിന്നും പുറപ്പെട്ടാൽ ഉടൻ തന്നെ ഗൂഗിൾ ഷീറ്റിൽ വാഹന നമ്പർ ഉൾപ്പെടെയുള്ള വിവരങ്ങൾ രേഖപ്പെടുത്തുകയും ആയത് NFSA ഗോഡൗണിൽ എത്തിച്ചേർന്നാൽ ഉടൻ തന്നെ NFSA ഓഫീസർ ഇൻ ചാർജ്ജുമാർ ഗൂഗിൾ ഷീറ്റിൽ രേഖപ്പെടുത്താനുമുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. റേഷൻ വിട്ടെടുപ്പ്/വാതിൽപ്പടി വിതരണ വാഹനങ്ങൾ നിരീക്ഷിക്കുന്നതിന് വെഹിക്കിൾ ട്രാക്കിംഗ് സിസ്റ്റം സ്ഥാപിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. ജില്ല/ താലൂക്ക് സപ്ലൈ ആഫീസ് തലത്തിലും എൻ.എഫ്.എസ്.എ ഗോഡൗണുകളിൽ പരിശോധനകൾ നടത്തുന്നതിലേക്ക് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ സപ്ലൈകോ അസിസ്റ്റൻറ് മാനേജർ, ബന്ധപ്പെട്ട സപ്ലൈ ആഫീസർ, റേഷനിംഗ് ഇൻസ്പെക്ടർമാർ, സപ്ലൈകോയുടെ Quality Assurance Officer എന്നിവർ ഉൾപ്പെട്ട സംയുക്ത പരിശോധന സംഘങ്ങളും എൻ.എഫ്.എസ്.എ ഗോഡൗണുകളിൽ പരിശോധന നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ